# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3016 10.03.2017-ൽ മറുപടിക്ക്

## റവന്യൂ വകുപ്പിൽ യു.ഡി.ക്ലാർക്കുമാരുടെ തസ്തികകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിൽ ഇപ്പോഴും വിവിധ ജില്ലകളിലെ ഓഫീസുകളിൽ യു.ഡി.ക്ലാർക്കുമാരുടെ തസ്തികകൾ വിഭജിച്ച് നിലനിർത്തിയിട്ടുണ്ടോ; | (എ) | ജില്ലകളിൽ യു.ഡി.ക്ലാർക്കുമാരുടെ തസ്തികകൾ (എൽ.ഡി - യു. ഡി 1 :1 പ്രകാരം) വിഭജിച്ച് നിലനിർത്തിയിട്ടുണ്ട്. |
| (ബി) | യു.ഡി.ക്ലാർക്കായി പ്രമോഷൻ നേടുന്ന ജീവനക്കാരെ അതാത് ഓഫീസുകളിൽ നിന്ന് മറ്റ് ഓഫീസുകളിലേക്കും ഇതര ജില്ലകളിലെ ഓഫീസുകളിലേക്കും ട്രാൻസ്ഫർ നൽകി നിയമിക്കാറുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും എൽ.ഡി/യു.ഡി. അനുപാതം ഓഫീസുകളിൽ പ്രത്യേകമായി നിലനിർത്താതെ വകുപ്പ് ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കി ക്ലാർക്ക് തസ്തിക ഒന്നായിക്കണ്ട് നിയമനം നടത്തണമെന്ന് 16.03.1989 -ലെ GO(P)5/89/P&ARD പ്രകാരം ഉത്തരവായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിലവിൽ എൽ.ഡി.സി./ യു.ഡി.സി. അനുപാതം ജില്ലകളിൽ നിലനിർത്തിയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. 1996 ൽ ബോർഡ് ഓഫ് റവന്യൂ നിർത്തലാക്കി റവന്യൂ കമ്മീഷണറേറ്റ് നിലവിൽ വന്ന ശേഷം 14 ജില്ലാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ തയ്യാറാക്കുന്ന എൽ.ഡി.ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും 1:1 എന്ന അനുപാതം ജില്ലയിൽ പരിപാലിച്ച് എൽ.ഡി.സി. നിയമനം നടത്തി വരുന്നു. ജില്ലയിൽ ഉണ്ടാകുന്ന യു.ഡി.സി. ഒഴിവുകളിൽ സ്റ്റേറ്റ് യൂണിറ്റ് എന്ന നിലയിൽ |

| | | | |
|---|---|---|---|
| | | | ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും പ്രമോഷൻ വഴി നിയമിച്ച് വരുകയും ഇത്തരത്തിൽ 14 ജില്ലകളിലും 1:1 അനുപാതം നില നിൽക്കുന്നതിനാൽ സംസ്ഥാന തലത്തിൽ എൽ.ഡി./യു.ഡി. അനുപാതം 1:1 ആണ്. |
| (ഡി) | ഈ ഉത്തരവിൽ നിന്ന് റവന്യൂ വകുപ്പിനെ ഏതെങ്കിലും തരത്തിൽ ഒഴിവാക്കിയിട്ടുണ്ടോ; | (ഡി) | റവന്യൂ വകുപ്പിനെ ജി.ഒ.(പി) 5/89/പി&എ.ആർ.ഡി. തീയതി 16/03/89-ാം നമ്പർ ഉത്തരവിൽ നിന്നും ഒഴിവാക്കികൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടില്ല. |
| (ഇ) | ഇല്ലെങ്കിൽ നിലവിൽ യു.ഡി. ക്ലാർക്കായി പ്രമോഷൻ ലഭിക്കുന്ന ജീവനക്കാരെ മറ്റ് ഓഫീസു കളിലേക്കും ഇതര ജില്ല കളിലേക്കും ട്രാൻസ്ഫർ ചെയ്യുന്ന സമ്പ്രദായം ഒഴിവാക്കി എൽ.ഡി /യു.ഡി. അനുപാതം സംസ്ഥാന തലത്തിൽ റവന്യൂ കമ്മീഷണ റേറ്റിൽ മെയിന്റയിൻ ചെയ്ത് ക്ലാർക്ക് എന്നത് ഒന്നായിക്കണ്ട് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | എൽ.ഡി.ക്ലാർക്കുമാരുടെ നിയമനം DRB പ്രകാരം ആയതിനാലും 5 വർഷം പ്രസ്തുത ജില്ലയിൽ നിർബന്ധിത സേവനം നിഷ്കർഷിച്ചിട്ടുള്ളതിനാലും എൽ.ഡി.ക്ലാർക്കുമാരുടെ പ്രൊമോഷൻ സമയത്ത് അവരുടെ ജില്ലയിൽ ഒഴിവ് ഇല്ലാതെ വന്നാൽ ഒഴിവുള്ള മറ്റ് ജില്ലകളിൽ സീനിയർ ക്ലാർക്കായി നിയമിക്കുകയും DRB ജില്ലയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് അവർക്ക് റീ അലോട്ട്മെന്റ് അനുവദിക്കുകയുമാണ് ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ. സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ DRB ജില്ലയിൽ ഒഴിവില്ലെങ്കിൽ ടി ജില്ലയിൽ തന്നെ നിയമിക്കുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**